**പാർട്ടിയുടെ ശരിമാത്രമാണ് അവസാനത്തെ ശരി എന്ന് വിശ്വസിക്കാൻ നിർബന്ധിക്കപ്പെടുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർക്ക് വേറിട്ടൊരു ശരിയോടൊപ്പം നിൽക്കാനാകില്ലെന്നും കാറ്റും വെളിച്ചവും കടക്കുന്നതിനാൽ കോൺഗ്രസ്സിൽ വിമത ശബ്ദങ്ങൾക്കും സാധ്യതയുണ്ടെന്നുമാണ് നെല്ലിയാംപതിയിലെ യുവ കോൺഗ്രസ് എം.എൽ.എമാരുടെ ഇടപെടൽ തെളിയിക്കുന്നതെന്ന്**

**സണ്ണി പൈകട**

# സുധീരൻമാർ ഉണ്ടാവുന്നു, അച്യുതാനന്ദൻമാർ ഉണ്ടാവുന്നില്ല. എന്തുകൊണ്ട്?

**കോൺഗ്രസിലെ** ഗ്രൂപ്പുപോരാട്ടത്തിന്റെ യുദ്ധക്കളത്തിൽ ഒറ്റപ്പെട്ടുപോയപ്പോഴും വി.എം. സുധീരൻ ഒരു രാഷ്ട്രീയ നേതാവ് എന്ന നിലക്കുള്ള അസ്തിത്വം നിലനിർത്തിയത് ജനകീയ പ്രശ്നങ്ങളിൽ ഗൗരവ പൂർണ്ണമായ നിലപാടുകളെടുത്തുകൊണ്ടായിരുന്നു. രാഷ്ട്രീയ നേതാക്കളുടെ പതിവുള്ള അവസരവാദ നിലപാടുകൾക്ക് ഇടയൽ സുധീരന്റെ നിലപാടുകൾ പലപ്പോഴും വേറിട്ടുനിന്നു. ഈ വേറിട്ട ശബ്ദം സാമൂഹിക പ്രതിബദ്ധതയുള്ള ജനങ്ങളും പ്രസ്ഥാനങ്ങളും നിരന്തരം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. സുധീരന്റെ ഉറച്ച ശബ്ദം അദ്ദേഹത്തിന് കേരളത്തിൽ ഒരു രാഷ്ട്രീയ ഇടമുണ്ടാക്കി. എല്ലാ ജനകീയ സമരമുഖങ്ങളിലും സുധീരന്റെ സാന്നിധ്യമുണ്ടായി. അവഗണിക്കപ്പെടുമായിരുന്ന പല ജനകീയ പ്രശ്നങ്ങളും മുഖ്യധാരയിൽ ചർച്ച ചെയ്യപ്പെടുന്നതൽ സുധീരൻ ചെറുതല്ലാത്ത പങ്ക് വഹിച്ചു.

സി.പി.എമ്മിലെ വിഭാഗീയതയുടെ പശ്ചാത്തലത്തിൽ ഔദ്യോഗിക നേതൃത്വത്തിൽ നിന്ന് അകന്നുകൊണ്ടിരുന്നപ്പോൾ വി.എസ് സ്വന്തം രാഷ്ട്രീയ അസ്തിത്വ ദാർഢ്യമേറിയ പാർട്ടി സംവിധാനത്തിന്റെ ഇരുമ്പുമറക്ക് മുകളിൽ ഉയർത്തിപ്പിടിക്കാൻ വിജയകരമായി ഉപയോഗിച്ചത് ആദ്യം സൂചിപ്പിച്ച സുധീര തന്ത്രം തന്നെയായിരുന്നു. പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക സംവിധാനങ്ങളുടെ കൂടി സഹായ ത്തോടെ സുധീരതന്ത്രം ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് വിഎസ്. കേരളത്തിലെ എല്ലാ ജനകീയ സമര വേദികളിലൂടേയും സഞ്ചരിച്ചുകൊണ്ടിരുന്നു. അങ്ങനെ സ്വന്തം പാർട്ടി ഉൾപ്പെടെ മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ അവഗണിക്കുന്ന പ്രശ്ന മേഖലകളിൽ വിഎസ് കേരളത്തിലെ എല്ലാ ജനകീയ സമരവേദികളിലൂടേയും സഞ്ചരിച്ചുകൊണ്ടിരുന്നു. അങ്ങനെ സ്വന്തം പാർട്ടി ഉൾപ്പെടെ മുഖ്യധാര രാഷ്ട്രീയ കക്ഷികൾ അവഗണിക്കുന്ന പ്രശ്നമേഖലകളിൽ വി.എസ് തട്ടിമുട്ടി നിൽക്കുന്നത്. യുവതലമുറയിൽ തന്റെ രാഷ്ട്രീയ നിലനില്പിനായുള്ള സാധ്യതകൾ കണ്ടെത്തി. ആ

**ജനപ്രതിനിധികളായ ടി.എൻ. പ്രതാപൻ, വി.ഡി. സതീശൻ, എം.വി. ശ്രേയാംസ്കുമാർ, വി.ടി. ബലറാം, ഹൈബി ഈഡൻ എന്നിവർക്ക്**

**സണ്ണി പൈകട**

# ഹരിതരാഷ്ട്രീയത്തിന്റെ ശ്രദ്ധയ്ക്ക്

**നെല്ലിയാംപതിയിലെ** എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് ധീരമായ നിലപാടെടുത്ത നിങ്ങൾക്ക് അഭിവാദ്യങ്ങൾ. ഭരണമുന്നണി എം.എൽ.എമാരിൽ താരതമ്യേന യുവാക്കളായ നിങ്ങൾ ഈ പ്രശ്നത്തിൽ എടുത്ത ശരിയായ രാഷ്ട്രീയനിലപാടുകൾക്ക് ഈ വിഷയത്തിനപ്പുറം പ്രാധാന്യമുണ്ട് എന്ന് വിശ്വസിക്കുന്ന ഒരാണ് ഞാൻ. നെല്ലിയാമ്പതി സന്ദർശനത്തിന് ശേഷം പാലക്കാട്ടെ മാധ്യമപ്രതിനിധികളോട് നടത്തിയ പ്രതികരണത്തിൽ ഇതൊരു ഹരിതരാഷ്ട്രീയത്തിന്റെ തുടക്കമാണെന്ന് വ്യക്തമാക്കിയത് പ്രതീക്ഷ നൽകുന്ന കാര്യമാണ്. ഇന്നത്തെ കുട്ടികൾ വലുതാകുമ്പോൾ കേരള രാഷ്ട്രീയത്തിലെ മുതിർന്ന നേതാക്കൾ നിങ്ങളൊക്കെയാവാം. അന്ന് ഉണ്ടാകാൻ പോകുന്ന കടുത്ത പ്രതിസന്ധികളെ മുൻകൂട്ടി കാണാൻ കഴിയുന്ന യാഥാർത്ഥ്യബോധവും, ആ പ്രതിസന്ധികൾ ഒഴിവാക്കപ്പെടണമെന്നുള്ള രാഷ്ട്രീയ നിശ്ചയദാർഢ്യവും ദീർഘവീക്ഷണവും നിങ്ങളുടെ ഹരിതരാഷ്ട്രീയ പ്രഖ്യാപനത്തിൽ നിറഞ്ഞുനിൽക്കുന്നു.

വിനാശകരമായ വികസനപദ്ധതികൾക്കെതിരെ നിലപാടെടുത്തുകൊണ്ട് നാടിന്റെ നാനാഭാഗങ്ങളിൽ നടക്കുന്ന ജനകീയ സമരങ്ങൾക്ക് മുൻകൈ എടുക്കുന്നത് ഭരണ-പ്രതിപക്ഷ രാഷ്ട്രീയകക്ഷികളല്ലായെന്ന വസ്തുത നിങ്ങൾക്കും അറിയം. അത്തരം സമരങ്ങൾക്ക് ജനപിന്തുണ ലഭിക്കുമ്പോൾ രാഷ്ട്രീയ താത്പര്യങ്ങൾ മുൻനിർത്തി തന്ത്രപരമായ പിന്തുണ നൽകുന്നതിനപ്പുറം ഹരിത രാഷ്ട്രീയ നിലപാട് ഉയർത്തിപ്പിടിക്കാൻ ഒരു രാഷ്ട്രീയകക്ഷിയും സന്നദ്ധരാകാത്ത സാഹചര്യത്തിലാണ് നിങ്ങളുടെ നിലപാട് ശ്രദ്ധേയമാകുന്നത്.

അധികാരം നിലനിർത്താനായി ജനവിരുദ്ധ താത്പര്യങ്ങളുമായി സന്ധിചെയ്യുന്ന രാഷ്ട്രീയ - മുന്നണി നേതൃത്വങ്ങളുടെ പതിവ് ശൈലിക്കെതിരെയുള്ള പരോക്ഷമായ രാഷ്ട്രീയ യുദ്ധപ്രഖ്യാപനം നിങ്ങളുടെ നിലപാടിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. ഇത് ഹരിതരാഷ്ട്രീയത്തിനപ്പുറത്ത് ഒരു ജനപക്ഷ രാഷ്ട്രീയത്തിന്റെ കൊടിയുയർത്തൽ കൂടിയാണ്. ജനപക്ഷ രാഷ്ട്രീയശൈലികൊണ്ട് മാത്രമേ ജനമനസ്സുകളിൽ രാഷ്ട്രീയകക്ഷികൾക്കുണ്ടായിരുക്കുന്ന വിശ്വാസത്തകർച്ചയെ മറികടക്കാനാകൂ. നിങ്ങളുടെ ഈ ജനപക്ഷ രാഷ്ട്രീയം കൂടുതൽ വികസിക്കുകയും വ്യാപകമാവുകയും ചെയ്യേണ്ടതുണ്ട്. നിങ്ങളുടെ സജീവ ഇടപെടൽ അനിവാര്യമായ രണ്ട് വിഷയങ്ങൾ ചൂണ്ടിക്കാട്ടുന്നു.

1. പ്ലാച്ചിമട സമരത്തെ തുടർന്ന് കൊക്കക്കോള കമ്പനി അടച്ചുപൂട്ടി. എന്നാൽ കോള കമ്പനി മൂലം പ്ലാച്ചിമട ജനതയ്ക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിനായി കഴിഞ്ഞ കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് ഒന്നരവർഷം കഴിഞ്ഞിട്ടും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ബില്ലിന് അംഗീകാരം ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് ചോദിക്കാൻ കേരളത്തിലെ എല്ലാ നിയമസഭാംഗങ്ങൾക്കും ബാധ്യതയുണ്ട്. നിയമസഭയുടെ അധികാരവും അന്തസ്സും കാത്തുസൂക്ഷിക്കാനുള്ള ആ ശ്രമം നിങ്ങൾ ഉയർത്തിപ്പിടിക്കുന്ന ജനപക്ഷ - ഹരിതരാഷ്ട്രീയത്തിന്റെ ദിശയിലുള്ള കരുത്തുറ്റ ചുവടുവെയ്പ്പാകും.

2. ആണവദുരന്തത്തെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ ആയിരക്കണക്കിനാളുകൾ കഷ്ടപ്പെടുന്ന എൻഡോസൾഫാൻ ദുരന്തമേഖലയിലേക്ക് നിങ്ങൾ എന്നാണ് വരുന്നത്? ഒരു പൊതുമേഖലാ സ്ഥാപനം ചെയ്ത പാതകം മൂലം ദുരിതം പേറുന്നവർ കഴിഞ്ഞ നൂറിലധികം ദിവസങ്ങളായി കാസർഗോഡ് കളക്ട്രേറ്റ് പടിക്കൽ സമരം ചെയ്യുകയാണ്. എത്രയോ ആയിരങ്ങളാണ് ഇന്നും ദുരന്തബാധിതരുടെ ഔദ്യോഗിക ലിസ്റ്റിൽ ഇടം കിട്ടാത്തവരായി ജീവിതം തള്ളിനീക്കുന്നത്. ലിസ്റ്റിൽപ്പെട്ട നാലായിരത്തിലധികം പേർക്ക് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ എത്ര പരിമിതമാണെന്നറിയാൻ അവരുടെ ജീവിതാവസ്ഥ അടുത്ത് നിന്നും കാണണം. ചില ആനുകൂല്യങ്ങളുടെ നിറം പിടിപ്പിച്ച വാർത്തകൾകൊണ്ട് മറച്ചുവയ്ക്കാവുന്നതല്ല ഇവരുടെ ദുരിതം. കോടികൾ മുതൽ മുടക്കിയുള്ള വികസനപദ്ധതി നിർദ്ദേശങ്ങളെക്കൊണ്ട് ജനങ്ങളെ വിസ്മയഭരിതരാക്കുന്ന ഭരണനടപടികൾക്കിടയിൽ, എൻഡോസൾഫാൻ ദുരിതബാധിതരുടെ പക്ഷത്ത് നിന്നുകൊണ്ട് ഈ പ്രശ്നത്തിലിടപെടാൻ നിങ്ങൾ തയ്യാറാകുമോ എന്നതും ശ്രദ്ധയോടെ ഉറ്റുനോക്കുന്നവർ ഏറെയാണ്. സ്വന്തം ദൗത്യത്തിൽ അചഞ്ചലമായ വിശ്വാസമുള്ള, ദൃഢമനസ്മകരായ ഒരു ചെറുസംഘം ആളുകൾക്ക് ചരിത്രത്തിന്റെ ഗതിയെ തിരിച്ചുപിടിക്കാനാകും എന്ന ഗാന്ധിജിയുടെ വാക്കുകൾ നിങ്ങൾക്ക് പ്രചോദനമാകട്ടെ.

സാധ്യതകളെ സമർത്ഥമായി ഉപയോഗിച്ച് വിഎസ് രണ്ടുതവണ പാർട്ടിയിൽനിന്നും സ്ഥാനാർത്ഥിത്വം പിടിച്ചുവാങ്ങിയതും തുടർന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ രാഷ്ട്രീയത്തെ ചലനങ്ങൾ ശ്രദ്ധിക്കുന്ന മുഴുവനാളുകൾക്കുമറിയാം.

കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് രാഷ്ട്രീയ ചേരികളിലും ഈ വിധത്തിൽ രണ്ട് രാഷ്ട്രീയ ഒറ്റയാൻമാർ പൊതു സമൂഹത്തിന്റെയും മാധ്യമങ്ങളുടേയും പിന്തുണയോടെ പിടിച്ചുനിൽക്കുന്നത് കൗതുകമാണ്. കക്ഷിരാഷ്ട്രീയ ജീർണ്ണതകളിൽ മനംമടുപ്പോടെ വിവിധ പാർട്ടികളിൽ പ്രവർത്തിക്കുന്നവർക്ക് തുടർ ഒരു ചൂണ്ടുപലകയാണ്. ജനപക്ഷ നിലപാടെടുത്തുകൊണ്ട് ദീർഘ വീക്ഷണത്തോടെ ധീരമായി ചുവടുകൾ വയ്ക്കാൻ ആർജ്ജവമുള്ള നേതാക്കൾക്ക് കേരള രാഷ്ട്രീയത്തിൽ സ്ഥാനമുണ്ട് എന്നതായിരുന്നു ആ ചൂണ്ടുപലകയിലെ ദിശാസൂചന. ഇത് മനസ്സിലാക്കി നിലപാടെടുക്കാൻ ഏതാനും യു.ഡി.എഫ് ജനപ്രതിനിധികൾ ഇപ്പോൾ സന്നദ്ധമായിരിക്കുന്നു എന്നതിന് വലിയ പ്രാധാന്യമുണ്ട്. നെല്ലിയാമ്പതി വിഷയവുമാ

യി ബന്ധപ്പെട്ട് ചീഫ് വിപ്പ് പി.സി. ജോർജ്ജ് സ്വന്തം നിലവാരമനുസരിച്ചുള്ള പ്രതികരണങ്ങൾ നടത്തിയതിന്റെ പശ്ചാത്തലും ചെറിയ ഭൂരിപക്ഷത്തിൽ നിലനിൽക്കുന്ന സർക്കാരിനു മേൽ ഭരണപക്ഷ എംഎൽഎമാർക്കുള്ള സമ്മർദ്ദ സാധ്യതകളും പ്രയോജനപ്പെടുത്തിക്കൊണ്ടാണെങ്കിലും ഒരു ചെറിയ സംഘം എം.എൽ.എ മാർ എടുത്തിരിക്കുന്ന ഉറച്ച നിലപാട് ആർക്കും അവഗണിക്കാനാവാത്ത വിധം ശ്രദ്ധേയമായി. പാർട്ടി മുന്നണി നിലപാടുകൾ വകവയ്ക്കാതെ ജനപക്ഷത്തുനിന്നുകൊണ്ട് സത്യം വിളിച്ചു പറയാൻ നേതാക്കൾക്ക് ധൈര്യം നൽകുന്ന രാഷ്ട്രീയ കാലാവസ്ഥ കേളത്തിലുണ്ടെന്ന് വ്യക്തമാക്കുന്ന സംഭവമാണിത്. ഈ ബോധ്യം വരുംനാളുകളിൽ മറ്റു പലരെയും ജനപക്ഷ രാഷ്ട്രീയത്തിന്റെ ധാരയിൽ അണിനിരക്കാൻ പ്രേരിപ്പിച്ചേക്കാം.

ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു പ്രധാന കാര്യമുണ്ട്. വി.എസ്. അച്യുതാനന്ദനെപ്പോലെ കേരളത്തിലെ ഏറ്റവും സീനിയറായ ഒരു രാഷ്ട്രീയ നേതാവ് ഒട്ടനവധി വിഷയങ്ങളിൽ സ്വന്തം പാർട്ടി നിലപാടിനെ ഭയപ്പെടാതെ മുന്നോട്ടു നീങ്ങിയെങ്കിലും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട ഒരു യുവനേതാവ് പോലും ആ വഴിക്ക് മുഖം തിരിക്കാനുള്ള ധൈര്യം കാണിച്ചിട്ടില്ല എന്നത് അവഗണിക്കാനാവില്ല. സുധീരന്റെ പാതയിൽ കോൺഗ്രസ് ചേരിയിൽ നിന്ന് നിരവധി യുവ നേതാക്കൾ ചുവടുകൾ വയ്ക്കുന്ന പശ്ചാത്തലത്തിലാണ് ഇക്കാര്യം എടുത്തു പറയേണ്ടി വരുന്നത്. കോൺഗ്രസിനെ അപേക്ഷിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികളിലാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ഗൗരവ പൂർണ്ണമായ ചർച്ചകൾ നടക്കുന്നത് എന്ന ധാരണയാണ് പൊതുവിലുള്ളത്. പുരോഗമന പ്രസ്ഥാനം എന്ന് സ്വയം വിശേഷിപ്പിക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാർ. ഈ പുരോഗമനകാരികളുടെ സഹയാത്രികരാണ് കേരളത്തിലെ പരിസ്ഥിതി പൗരാവകാശ പ്രവർത്തകരിൽ ഒരു വിഭാഗം.എന്നിട്ടു മൊത്തം ഈ ഇരുണ്ട കാലത്ത് ഒരു യുവ അച്യുതാനന്ദൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നുണ്ടായില്ല? അടഞ്ഞ സംഘടനാ സംവിധാനത്തിലെ തടവുപുള്ളികളിൽ നിന്ന് സ്വതന്ത്രമായ ചിന്ത ഉണ്ടാവില്ലെ എന്നതുതന്നെയാണ് ആ ചോദ്യത്തിന്റെ ഉത്തരം.

ഭയത്തിന്റെ നിഴലിൽ ഒരു സംഘടനയിൽ പ്രവർത്തിക്കുന്നവർക്കെങ്ങനെ മുൻപിൻ നോക്കാതെ ശരികൾ വിളിച്ചു പറയാനാവും? പാർട്ടിയുടെ ശരിമാത്രമാണ് അവസാനത്തെ ശരി എന്ന വിശ്വാസപ്രമാണം രാവിലെയും വൈകീട്ടും തികഞ്ഞ പാർട്ടി ഭക്തിയോടെ ഉരുവിടാൻ നിർബന്ധിക്കപ്പെടുന്നവർക്ക് എങ്ങനെ വേറിട്ടൊരു ശരി പറയാനാകും? ദീർഘകാലത്തെ പ്രായോഗിക രാഷ്ട്രീയ പ്രവർത്തനാനുഭവത്തിലൂടെ നേടിയ തന്ത്രജ്ഞതയും കൗശലങ്ങളും മുതിർന്ന നേതാവ് എന്ന നിലയ്ക്ക് പൊതുസമൂഹത്തിലുള്ള സ്വീകാര്യതയും ഉപയോഗിച്ചുകൊണ്ടാണ് വി.എസ് തട്ടിമുട്ടി പിടിച്ചു നിൽക്കുന്നത്. യുവതലമുറയിൽപ്പെട്ടവർക്ക് അങ്ങനെ പിടിച്ചു നിൽക്കാൻ ഒരു സാധ്യതയും നൽകുന്ന ഒന്നല്ല കമ്മ്യൂണിസ്റ്റ് സംഘടനാ സംവിധാനം. ഇത് നന്നായി അറിയുന്ന ഒരു യുവ കമ്മ്യൂണിസ്റ്റ് നേതാവും പാർട്ടി ശരികൾക്ക് അപ്പുറത്ത് ശരികളുണ്ടെന്ന് സ്വപ്നത്തിൽ പോലും പറയുകയില്ല. ഈ സത്യം കൺതുറന്ന് കാണാൻ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ശുദ്ധീകരിക്കപ്പെട്ട്, അതിലൂടെ 'പുരോഗമന ജനാധിപത്യം' പുലരുന്നത് കാത്തിരിക്കുന്ന ഒരു വിഭാഗം സാംസ്കാരിക പ്രവർത്തകർ ഉൾപ്പെടെയുള്ളവർ സന്നദ്ധരാവണം. അവരുടെ വീക്ഷണത്തിൽ അറുപിന്തിരിപ്പൻ പ്രസ്ഥാനമായ കോൺഗ്രസ്സിനകത്ത് കാറ്റും വെളിച്ചവും കടക്കുന്നതിനാൽ പുതിയ സുധീരന്മാരുണ്ടാകാൻ സാധ്യതകളുണ്ടെന്നറിയണം. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അച്യുതാനന്ദ വംശം കുറ്റിയറ്റു പോകുകയേയുള്ളു.

അച്യുതാനന്ദ - സുധീര ജന്മങ്ങൾ ജനവിരുദ്ധമായിക്കൊണ്ടിരിക്കുന്ന ജനാധിപത്യ സംവിധാനത്തിലെ ഏക പ്രതീക്ഷയാണെന്ന മൂഢ വിശ്വാസത്തോടെയല്ല ഇത്രയും കുറിച്ചത് എന്ന് എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ഇക്കാലത്ത് അച്യുതാനന്ദ സുധീര വ്യക്തിത്വങ്ങൾ ജനങ്ങൾക്ക് ഊന്നുവടികളെങ്കിലുമാവുന്നുണ്ട് എന്ന യാഥാർത്ഥ്യബോധത്തോടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു എന്നെയുള്ളു. എല്ലാ അർത്ഥത്തിലും നിലംപരിശായികൊണ്ടിരിക്കുന്ന സാധാരണ ജനങ്ങൾക്ക് നിവർന്നു നിൽക്കാൻ ചില ഊന്നുവടികൾ ആവശ്യമുള്ള കാലഘട്ടമാണിത് എന്നത് ആർക്കാണ് നിക്ഷേധിക്കാനാവുക. പക്ഷെ ഊന്നുവടികൾ പ്രയോജനപ്പെടണമെങ്കിൽ നിവർന്നു നിൽക്കാനുള്ള ശ്രമം ജനങ്ങളിൽ നിന്നുണ്ടാവണമെന്നും വിസ്മരിക്കുന്നില്ല.


## കേരള പരിസ്ഥിതി സമ്മേളനം

കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഗൗരവതരമായ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി ആലോചിക്കാനും പരിഹാര മാർഗ്ഗങ്ങളും ബദൽ വികസന മാർഗ്ഗരേഖകളും ആരായാനുമായി ഈ വിഷയങ്ങളിൽ താത്പര്യമുള്ളവരുടെയും വിദഗ്ധരുടെയും ദ്വിദിന സമ്മേളനം തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ വച്ച് സെപ്തംബർ 2,3 തീയതികളിൽ നടക്കുന്നു. ചരച്ചയിൽ നിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ ചേർത്ത് പരിസ്ഥിതി സൗഹൃദ വികസനത്തെക്കുറിച്ചുള്ള മാർഗ്ഗരേഖ മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതാണ്. പങ്കെടുക്കുന്ന വിവരം മുൻകൂട്ടി അറിയിക്കുക. *ബന്ധങ്ങൾക്ക്: 9446372880, 9447755896*

## സ്റ്റുഡന്റ്സ് എഗേൻസ്റ്റ് ന്യൂക്ലിയർ എനർജി

ആണവനിലയങ്ങൾക്കും ആണവായുധങ്ങൾക്കുമെതിരെ വിദ്യാർത്ഥി പ്രസ്ഥാനം. വികസനത്തിന്റെയും പ്രതിരോധത്തിന്റെയും പേരിൽ ആണവ സാങ്കേതികവിദ്യയെ ജനങ്ങളുടെ മേൽ കെട്ടിവയ്ക്കാനുള്ള നീക്കത്തിനെതിരെ, ആണവമാലിന്യങ്ങളുടെ ഭാരങ്ങൾ ഭാവിതലമുറയ്ക്കുമേൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ, സ്ഥായിയായ വികസനത്തിനും നീതിയിലധിഷ്ഠിതമായ ഭാവിക്കും വേണ്ടി വിദ്യാർത്ഥികൾ സംഘടിക്കുന്നു. വിവിധ കോളേജ്-യൂണിവേഴ്സിറ്റി തലങ്ങളിൽ രൂപീകരണ യോഗങ്ങൾ സംഘടിപ്പിക്കുന്നു.
*ബന്ധങ്ങൾക്ക്: 8547698740*